LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ&ബി) ശ്രദ്ധയിൽപ്പെട്ടിട്ടില്ല. എന്നാൽ സ്പെഷ്യാലിറ്റി, അഡ്മിനി സ്ട്രേറ്റീവ് കേഡർ നടപ്പിലാക്കിയതിന്റെ ഭാഗമായി തിരൂരങ്ങാടി താലൂക്ക് ആശുപത്രിയിൽ രണ്ട് ഓർത്തോപീഡിക് ഡോക്ടർമാരുടെ തസ്തിക സൃഷ്ടിച്ചിട്ടുണ്ട്. ഇതിൽ ഒരു കൺസൾട്ടന്റും ഒരു ജൂനിയർ കൺസൾട്ടന്റും സേവനമനുഷ്ടിക്കുന്നു. ഇതുകൂടാതെ കാഷ്വാലിറ്റി മെഡിക്കൽ ഓഫീസർമാരിൽ ഒരു ഡോക്ടർ ഓർത്തോപീഡിക് സർജ്ജനാണ്. അങ്ങനെ 3 ഓർത്തോപീഡിക് സർജ്ജൻമാരുടെ സേവനം ഇപ്പോൾ തിരൂരങ്ങാടിക്ക് ലഭിക്കുന്നുണ്ട്.

അതിരപ്പിള്ളി പഞ്ചായത്തിലെ ആദിവാസി മേഖലയിൽ മൊബൈൽ മെഡിക്കൽ യൂണിറ്റ്

23 (470) ശ്രീ. ബി. ഡി. ദേവസ്സി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) അതിരപ്പള്ളി പഞ്ചായത്തിലെ ആദിവാസി മേഖലയിൽ ഒരു മൊബൈൽ മെഡിക്കൽ യൂണിറ്റ് ആരംഭിക്കുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ടോ ; എങ്കിൽ ഇതുമായി ബന്ധപ്പെട്ട് സ്വീകരിച്ചിട്ടുള്ള നടപടിക്രമങ്ങൾ വിശദമാക്കുമോ ;

(ബി) നടപടിക്രമങ്ങൾ പൂർത്തീകരിച്ച് മൊബൈൽ മെഡിക്കൽ യൂണിറ്റ് എന്നത്തേക്ക് ആരംഭിക്കുവാൻ കഴിയുമെന്ന് അറിയിക്കുമോ ;

ഉത്തരം

(എ&ബി) അതിരപ്പിള്ളി പഞ്ചായത്തിലെ ആദിവാസി മേഖലയിൽ മൊബൈൽ മെഡിക്കൽ യൂണിറ്റ് ആരംഭിക്കുന്നതിനുവേണ്ടി വാഹനം ലഭ്യമാക്കുന്നതിനുള്ള കാട്ടേഷൻ സംബന്ധിച്ച നടപടികൾ നടന്നുവരുന്നു. നടപടി പൂർത്തിയാകുന്ന മുറയ്ക്ക് മൊബൈൽ മെഡിക്കൽ യൂണിറ്റിന്റെ പ്രവർത്തനം ആരംഭിക്കുവാൻ കഴിയുന്നതാണ്.

തിരുവനന്തപുരത്തെ സർക്കാർ കണ്ണാശുപത്രിയുടെ വികസനം

24 (471) ശ്രീ. എം. എ. വാഹീദ് :
ശ്രീ. സി. പി. മുഹമ്മദ് :
ശ്രീ. ടി. എൻ. പ്രതാപൻ :
ശ്രീ. എ. എ. ഷുക്കൂർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) തിരുവനന്തപുരത്തെ സർക്കാർ കണ്ണാശുപത്രിയുടെ വികസനത്തിനായി എന്തൊക്കെ പ്രവർത്തനങ്ങളാണ് നടത്തിവരുന്നത് എന്നറിയിക്കുമോ ;

(ബി) ഇവിടെ പുതിയ കെട്ടിട സമുച്ചയം പണിയുന്നതിന്റെ പ്രവർത്തനങ്ങൾ ഇപ്പോൾ ഏതുഘട്ടത്തിലാണ് ;

(സി) ഈ മന്ദിരങ്ങൾ എന്നത്തേക്ക് പൂർണ്ണമായും പ്രവർത്തന സജ്ജമാക്കാനാകും ;